കോട്ടത്തറ) അഗളി പോലീസ് സ്റ്റേഷനിൽ FIR No. 0540/ 1-11-2014 ആയി ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉപഭോക്താവ് പിഴ തുക ഒടുക്കിയിട്ടില്ല.

3 കരുണ ഹോസ്പിറ്റലിന്റെ (കൺസ്യൂമർ നമ്പർ 1570 ഇലക്ട്രിക്കൽ സെക്ഷൻ മേലാമുറി) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

വൈദ്യുതി വിതരണ മേഖലയിലെ സ്വകാര്യവൽക്കരണം

30 (370) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വിതരണ മേഖല സ്വകാര്യവൽക്കരിക്കാനും വൈദ്യുതി നിരക്ക് വർഷംതോറും വർദ്ധിപ്പിക്കാനും സന്നദ്ധമാണെന്ന കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോ ;

(സി) ഇത്തരത്തിലുള്ള നീക്കംമൂലം ജനങ്ങൾക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ റിപ്പോർട്ടിലെ കണ്ടെത്തലുകൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല. ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളുടെ ഉടമസ്ഥതയിലുള്ള വിതരണ സ്ഥാപനങ്ങളുടെ (State Distribution Companies (DIS COMS)) വിതരണ കമ്പനികൾക്കായി കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം ഒരു സാമ്പത്തിക പുനഃസംഘടന പദ്ധതി (Financial Restructuring Scheme)-ക്ക് രൂപം നൽകുകയുണ്ടായി. വളരെ ഗുരുതരമായ സാമ്പത്തിക സ്ഥിതിയിലുള്ള സംസ്ഥാന വൈദ്യുതി ബോർഡിനെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങൾ വേണ്ടെന്നുവയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ,

LIBRARY ARCHIVES Kerala Legislative Assembly

മറ്റ് പല സംസ്ഥാനങ്ങളും ചെയ്തിട്ടുള്ളതുപോലെ സ്കീമിൽ ചേരുന്നതിനുള്ള 'തത്വത്തിലുള്ള' സമ്മതം സംസ്ഥാനം കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു.

സാമ്പത്തിക പുനഃസംഘടന സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള വൈദ്യുതി വിതരണ രംഗത്ത് സ്വകാര്യ പങ്കാളിത്തം അനുവദിക്കുക, വർഷംതോറും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിക്കുകയും വിതരണ മേഖലയിൽ ഫ്രാഞ്ചൈസി മുഖേനയോ പൊതു സ്വകാര്യ പങ്കാളിത്തം മുഖേനയോ സ്വകാര്യ മേഖലയുടെ ഇടപെടൽ സംസ്ഥാനത്ത് അനുവദിക്കേണ്ടതില്ലെന്ന് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ സാമ്പത്തിക വർഷവും ഏപ്രിൽ 1-ന് മുമ്പ് വൈദ്യുതി താരിഫ് പുതുക്കി നിശ്ചയിക്കണമെന്ന് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനുകൾക്ക് ഇലക്ട്രിസിറ്റി അപ്പലേറ്റ് ട്രിബ്യൂണൽ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ബി) ഊർജ്ജ മന്ത്രാലയം നിഷ്കർഷിച്ച പ്രകാരമുള്ള നിബന്ധനകൾക്കും ധാരണകൾക്കും വിധേയമായി സാമ്പത്തിക പുനഃസംഘടന പദ്ധതിക്ക് രൂപം നൽകണമെന്നും ടി പദ്ധതിയിൽ ചേരുന്നതിന് നിരുപാധിക സന്നദ്ധത അറിയിക്കണമെന്നും 7-3-2014-ലെ കത്ത് പ്രകാരം കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരുന്നു.

(സി & ഡി) ബാധകമല്ല.

വൈദ്യുതി ചോർച്ച

31 (371) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ചോർച്ച തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ; വിശദവിവരം നൽകാമോ ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly